**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ : 155**

**04.11.2019 ൽ**
**മറുപടിക്ക്**

**സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ. ബഷീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷ ഇരുപത്തിനാല് മണിക്കൂറും നിരീക്ഷിക്കുന്നതിനായി പോലീസ് സേനയെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>ബി) സെൻട്രലൈസ്ഡ് ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>സി) പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിന് നിലവിലെ പോലീസ് സേന പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | എ) യും ബി) യും സി) യും ഉണ്ട്. 07.01.2019 തീയതിയിലെ സ.ഉ. (കൈ) നം. 3/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) എന്ന പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 04.10.2019 മുതൽ പോലീസ് ആസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടിയുള്ള നിരീക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സ്ഥാപിച്ചിട്ടുണ്ട്.<br>ഈ ഉത്തരവ് അനുസരിച്ച് CIMS പദ്ധതിയുടെ കൺട്രോൾ റൂമിനു വേണ്ട സ്ഥല സൗകര്യങ്ങൾ പോലീസ് വകുപ്പ് നൽകുന്നതാണ്. സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത തരത്തിൽ കെൽട്രോൺ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br>ടി പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം പോലീസ് സേനാംഗങ്ങൾക്ക് കെൽട്രോൺ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ